(ബി) പല സ്കൂളുകളിലും അദ്ധ്യാപകർക്ക് നിയമനോത്തരവ് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ഹൈസ്കൂൾ അദ്ധ്യാപകർക്ക് നിയമനോത്തരവ് നൽകുവാൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അദ്ധ്യാപക അദ്ധ്യാപകേതര നിയമനങ്ങളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പ്രതിവർഷം റിട്ടയർ ചെയ്യുന്ന അദ്ധ്യാപകർ

94 [5074] ശ്രീ. കെ. മുഹമ്മദാലി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എ. സുജനപാൽ:
„ കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളുകളിൽ നിന്നും പ്രതിവർഷം എത്ര അദ്ധ്യാപകർ റിട്ടയർ ചെയ്യാറുണ്ട്;

(ബി) പ്രതിവർഷം എത്ര പേരെ ഹെഡ്മാസ്റ്റർമാരായി പ്രൊമോട്ട് ചെയ്യാറുണ്ട്;

(സി) റിട്ടയർമെന്റ് മുഖേനയും പ്രൊമോഷൻ മുഖേനയും ഉണ്ടാകുന്ന ഒഴിവുകൾ സ്ഥിരം ഒഴിവുകളാണോ?

ഉത്തരം

(എ) 1990-ൽ • ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് നിലവിൽ വന്നതിനു ശേഷം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരായി നിയമിക്കപ്പെട്ടവരിൽ 100-ഓളം പേർ റിട്ടയർ ചെയ്തിട്ടുണ്ട്. 2002-03 അദ്ധ്യയന വർഷത്തിൽ (30-6-2003 വരെ) 49 പേർ റിട്ടയർ ചെയ്തിട്ടുണ്ട്. പ്രതിവർഷം എൽ.പി./യുപി./എച്ച്.എസ്സുകളിൽ നിന്നും റിട്ടയർ ചെയ്യുന്ന അദ്ധ്യാപകരുടെ കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(ബി, സി) ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly